# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 131

08-06-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ നടപടികൾ

**ചോദ്യം**

ശ്രീ. എം.എ.ബേബി :

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്ത അദാനി പോർട്സ് കമ്പനിയുടെ പ്രതിനിധികളുമായി, ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ച 2013 ഡിസംബർ 4 ന് ശേഷം സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം പ്രതിനിധികൾ എവിടെയെല്ലാം വച്ച് , എന്തെല്ലാം ചർച്ചകളിൽ ഏർപ്പെടുകയുണ്ടായിട്ടുണ്ടെന്നു അറിയിക്കാമോ ;

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ടെണ്ടർ നടപടി ക്രമങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ യോഗ്യത നേടിയവരിൽ നിന്നും രണ്ടാം ഘട്ടത്തിനായുള്ള റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) വാങ്ങിയതും പ്രീ-ബിഡ് മീറ്റിംഗിൽ പങ്കെടുക്കുവാൻ അർഹത നേടിയതുമായ കമ്പനികളുമായി നടന്ന ചുവടെ പറയുന്ന നാല് മീറ്റിംഗുകളിലും അദാനി പോർട്ട്സിന്റെ പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്.

| പ്രീ-ബിഡ് മീറ്റിംഗ് | തീയതി | സ്ഥലം | പങ്കെടുത്ത കമ്പനികൾ |
|---|---|---|---|
| I | 21st May, 2014 | ഡൽഹി | Essar Ports Ltd, SREI – OHL Consortium, Adani Ports & Special Economic Zone Ltd |
| II | 14th July, 2014 | മുംബൈ | SREI – OHL Consortium, Adani Ports & Special Economic Zone Ltd |
| III | 17th November , 2014 | മുംബൈ | Adani Ports & Special Economic Zone Ltd |
| IV | 9th March, 2015 | മുംബൈ | SREI – OHL Consortium, Adani Ports & Special Economic Zone Ltd |

പ്രീ-ബിഡ് മീറ്റിംഗിൽ സർക്കാരിനു വേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി പോർട്ട്സ്, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയ്ക്കു വേണ്ടി മാനേജിംഗ് ഡയറക്ടർ, പ്രോജക്ട് മാനേജേഴ്സ്, എന്നിവരും പദ്ധതിയുടെ ട്രാൻസാക്ഷൻ & ഫിനാൻഷ്യൽ അഡ്വൈസറായ Ernest & Young, Technical Advisor ആയ AECOM, Legal Advisor ആയ Hemant Sahai Associates എന്നിവരുടെ പ്രതിനിധികളും പങ്കെടുത്തു.

ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited ന്റെ ചെയർമാനുമായി, ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3 ന് ഡൽഹിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിയ്ക്കു മുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ അവരിൽ താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം തുറമുഖ വകുപ്പു മന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മിഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(ബി) മുഖ്യമന്ത്രിയും തുറമുഖ വകുപ്പ് മന്ത്രിയും മുൻ ചീഫ് സെക്രട്ടറിയും ഉൾപ്പെടെ ആരെല്ലാം ഏതെല്ലാം തീയതികളിൽ എവിടെയെല്ലാം വച്ച്, അദാനി പോർട്സിന്റെ ഏതെല്ലാം പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായിട്ടുണ്ട് ; ഓരോ ചർച്ചയുടേയും ഉദ്ദേശ്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ ;

(ബി) ബോംബെ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ടെണ്ടറിന്റെ ഭാഗമായി നടന്ന പ്രീ-ബിഡ് മീറ്റിംഗുകളിലും Technical, Financial & Legal മീറ്റിംഗുകളിലും ഒന്നും തന്നെ മുഖ്യമന്ത്രിയും തുറമുഖ വകുപ്പു മന്ത്രിയും ചീഫ് സെക്രട്ടറിയും പങ്കെടുത്തിരുന്നില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited ന്റെ ചെയർമാനുമായി, ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെ

സാന്നിധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3 ന് ഡൽഹിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിയ്ക്കു മുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ അവരിൽ താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം തുറമുഖ വകുപ്പു മന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഇപ്പോഴത്തെ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മിഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(സി) വി.ജി.എഫ് ന്റെയും കബോട്ടാഷ് നിയമത്തിന്റെയും കാര്യത്തിൽ അദാനി പോർട്സ് പ്രതിനിധികൾ ഉന്നയിച്ച സംഗതികൾ എന്തെല്ലാമായിരുന്നു ; വിശദമാക്കുമോ ?

(സി) കബോട്ടാഷ് നിയമത്തിൽ വിഴിഞ്ഞം തുറമുഖത്തിന് ഇളവ് ലഭിയ്ക്കുന്നത് തുറമുഖത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണെന്ന് അദാനി പോർട്ട്സ് അഭിപ്രായപ്പെട്ടു. അതുകൊണ്ടു തന്നെ കബോട്ടാഷ് നിയമത്തിലെ ഇളവ് കരാറിലെ (വ്യവസ്ഥയിലെ) "Conditions Precedent" ആക്കണമെന്ന് അവർ അഭ്യർത്ഥിച്ചു. ആ അഭ്യർത്ഥന അംഗീകരിച്ചില്ല.

വി.ജി.എഫ്. സംബന്ധിച്ച് യാതൊരു സംഗതികളും അദാനി പോർട്ട്സ് ഉന്നയിച്ചിരുന്നില്ല. എങ്കിലും വി.ജി.എഫ് അനുമതിയുടെ തല്സ്ഥിതി വിവരം ബിഡ് ഘട്ടത്തിൽ അവർ പലപ്പോഴും ആവശ്യപ്പെട്ടിരുന്നു.

സെക്ഷൻ ഓഫീസർ